بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۝۱

# ജുമുഅഃ ഖുത്‌ബ സംഗ്രഹം 10.05.2024

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## ഉഹുദ് യുദ്ധാനന്തര സൈനീക നീക്കങ്ങൾ

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ ۝ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝
اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ۝ الرَّحۡمٰنِ الرَّحِیۡمِ ۝ مٰلِکِ یَوۡمِ الدِّیۡنِ ۝ اِیَّاکَ
نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ۝ اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ۝ صِرَاطَ الَّذِیۡنَ اَنۡعَمۡتَ
عَلَیۡھِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡھِمۡ وَلَا الضَّآلِّیۡنَ ۝

ഇന്ന് തിരുനബി(സ)യുടെ കാലഘട്ടത്തിലെ ചില സറായാ യുദ്ധങ്ങളെ സംബന്ധിച്ച് പറയുന്നതാണ്. ഇതിൽ ആദ്യത്തേത് ബനൂ അസദ് ഗോത്രത്തിന്റെ ദ്രോഹത്തേയും സരിയാ അബൂസൽമയേയും കുറിച്ചുള്ളതാണ്. സരിയാ എന്നതിന്റെ വിവക്ഷ, നബി(സ) നേരിട്ട് പങ്കെടുക്കാത്തതും എന്നാൽ മറ്റുള്ളവരെ അയച്ചതുമായ യുദ്ധങ്ങളാണ്. നബി(സ)യുടെ യുക്തിബോധം, മുസ്‌ലിംകളുടെ പ്രതിരോധം, ശത്രുക്കളോട് കാണിച്ച അനുകമ്പ തുടങ്ങിയ കാര്യങ്ങളിൽ നബി(സ)യുടെ ഉത്തമ സ്വഭാവത്തെ സംബന്ധിച്ചും ഇതിൽ വെളിച്ചം വീശുന്നുണ്ട്.

ഈ സരിയ ഹിജ്റി 4 ാം വർഷം മുഹർറം മാസത്തിലാണ് ഉണ്ടായത്. ഇതിന്റെ നേതൃത്വം വഹിച്ചത് നബി(സ)യുടെ പിതൃസഹോദരീ പുത്രനും ഹദ്റത്ത് ഹംസ(റ)യുടെ മുലകുടി ബന്ധത്തിലുള്ള സഹോദരനുമായ ഹദ്റത്ത് അബൂസൽമ ബിൻ അബ്ദുൽ അസദ് മഖ്സറമി ആയിരുന്നു. ഇദ്ദേഹം ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ ഭാഗഭാക്കായിട്ടുണ്ട്.

ഈ യുദ്ധത്തിന്റെ പശ്ചാത്തലം ഇപ്രകാരമാകുന്നു: മദീനയിൽ വസിക്കുന്ന മുനാഫിഖീംകളും യഹൂദികളും ഉഹുദ് യുദ്ധത്തിന്റെ അവസ്ഥകളും സംഭവങ്ങളും കാരണം മുസ്‌ലിംകളെ എത്രയും വേഗം നശിപ്പിക്കാൻ പദ്ധതിയിടാമെന്ന് അവർ മനസ്സിൽ കരുതി. ഈ ഗോത്രങ്ങളിൽ ഏറ്റവും ആദ്യം മുസ്‌ലിംകളെ ആക്രമിക്കാൻ പ്രോഗ്രാം ഉണ്ടാക്കിയത് ബനൂ അസദ് ബിൻ ഖസീമ ഗോത്രം ആയിരുന്നു. ഈ ഗോത്രത്തിന്റെ തലവൻ ത്വൽഹ ബിൻ ഖുവൈലിദും അയാളുടെ സഹോദരൻ സൽമ ബിൻ ഖുവൈലിദും ജനങ്ങളെ ഒരുമിച്ചു കൂട്ടി ഒരു സൈന്യത്തെ തയ്യാറാക്കി. ബനൂ അസദിലെ ഖൈസ് ബിൻ ഹാരിസ് ബിൻ ഉമൈർ എന്നൊരാൾ തന്റെ ഗോത്രത്തോട് മുസ്‌ലിംകളുമായി യുദ്ധം ചെയ്യരുതെന്ന് ഉപദേശിച്ചു. ഈ ആക്രമണത്തെപ്പറ്റി അറിയിപ്പ് ലഭിച്ചപ്പോൾ അവർ ആക്രമിക്കുന്നതിനു മുമ്പേ മുസ്‌ലിംകൾ തങ്ങളുടെ സുരക്ഷക്ക്‌വേണ്ടി അവരെ ആക്രമിക്കാമെന്ന് നബി(സ) തീരുമാനിച്ചു. 150 സ്വഹാബാക്കളുടെ സൈന്യമാണ് അബൂസൽമയുടെ നേതൃത്വത്തിൽ അവരെ പരാജയപ്പെടുത്താൻ പുറപ്പെട്ടത്.

സ്വഹാബാക്കൾ തങ്ങളുടെ നീക്കം രഹസ്യമാക്കി വെച്ചുകൊണ്ട് 4 ദിവസത്തെ യാത്രക്കു ശേഷം അവർ ഖത്വൻ മലയുടെ അടുത്ത് ബനൂ അസദ് ബിൻ ഖസീമയുടെ അരുവി ഒഴുകുന്ന സ്ഥലത്തെത്തിയതും ആക്രമണം നടത്തി അവരുടെ വളർത്തു മൃഗങ്ങളെ കൈക്കലാക്കി. അവരുടെ മൂന്ന് ഇടയന്മാരേയും പിടികൂടി. മറ്റുള്ളവർ ഓടി രക്ഷപ്പെട്ടു. ഓടി രക്ഷപ്പെട്ടവർ, ബനൂ അസദിന്റെ താവളത്തിലെത്തി അക്രമിച്ചതിനെപറ്റി അറിയിപ്പ് കൊടുത്തു. ഇസ്‌ലാമിക സൈനിക ബലത്തെപ്പറ്റി അയാൾ വളരെ പെരുപ്പിച്ച് പറഞ്ഞപ്പോൾ അവർ ഭയപ്പെട്ടു; അവിടെ നിന്നും ഓടി രക്ഷപ്പെടുകയും ചെയ്തു. അബൂസൽമ, അവരെ അന്വേഷിക്കുന്നതിനുവേണ്ടി തന്റെ സംഘങ്ങളെ അയക്കുകയുണ്ടായി. പക്ഷെ മുസ്‌ലിംകളിൽ ആർക്കും തന്നെ അവരെ നേരിടേണ്ടി വന്നില്ല. ഹദ്റത്ത് അബൂസൽമ സകല സമരാർജിത സ്വത്തിൽനിന്നും അഞ്ചിലൊന്ന് നബി(സ)ക്ക് മാറ്റിവെക്കുകയും ബാക്കി സ്വഹാബാക്കൾക്കിടയിൽ വിതരണം ചെയ്യുകയുമുണ്ടായി. ഹദ്റത്ത് അബൂസൽമയുടെ വഫാത്തിനെ സംബന്ധിച്ച് പറയുന്നു: ഉഹുദിൽ അദ്ദേഹത്തിനു പറ്റിയ പരിക്ക് മദീനയിൽ തിരിച്ചെത്തിയ ശേഷം വീണ്ടും പ്രത്യക്ഷപ്പെടുകയും അങ്ങനെ അദ്ദേഹം രോഗിയാകുകയും ചെയ്തു. തുടർന്ന് അതേ വർഷം ജമാദിഉൽ അവ്വൽ മാസം മൂന്നാം തിയ്യതി അദ്ദേഹം മരണപ്പെടുകയുമുണ്ടായി.

നേരത്തെ പരാമർശിച്ച ബനൂ അസദിലെ നേതാവായിരുന്ന ത്വൽഹ ബിൻ ഖുവൈലിദ് ഇസ്ലാം സ്വീകരിക്കുകയും എന്നാൽ പിന്നീട് മുർത്തദ്ദാവുകയുമുണ്ടായി. മാത്രമല്ല, വ്യാജ നുബുവ്വത്ത് വാദം ഉന്നയിച്ചുകൊണ്ട് കുഴപ്പങ്ങൾക്ക് കാരണക്കാരനാകുകയും ചെയ്തു. അവസാനം പരാജിതനായി അറേബ്യയിൽനിന്ന് ഓടിപ്പോയി. പിന്നീട് കുറച്ചു കാലത്തിനുശേഷം മദീനയിലെത്തി (മുസ്ലിമായതിനുശേഷം അദ്ദേഹം) നിരവധി യുദ്ധങ്ങളിൽ പങ്കെടുത്തുകൊണ്ട് തന്റെ ധീരത പ്രകടിപ്പിക്കുകയും അങ്ങനെ ഹിജ്റ 21 ൽ ഒരു യുദ്ധത്തിൽ ശഹാദത്ത് വരിക്കുകയും ചെയ്തു. അല്ലാഹു അദ്ദേഹത്തിന്റെ പര്യവസാനം നന്നാക്കാൻ ഉദ്ദേശിച്ചിരുന്നു, അതുകൊണ്ട് അവസാനം ഇസ്ലാം സ്വീകരിക്കാൻ സൗഭാഗ്യം നൽകുകയുണ്ടായി.

ഇനി ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉനൈസിന്റെ സരിയ്യയെ സംബന്ധിച്ച പരാമർശമാണുള്ളത്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉനൈസ് ബയ്അത്ത് ഉഖ്ബ സാനിയയിലും, ബദ്ർ, ഉഹുദ് തുടങ്ങി നിരവധി യുദ്ധങ്ങളിലും പങ്കെടുത്തിട്ടുണ്ട്. ഇദ്ദേഹം ശാമിൽ ഹിജ്റ 54 ാം വയസ്സിൽ ചില നിവേദനങ്ങൾ പ്രകാരം ഹിജ്റ 74 ൽ ആണ് വഫാത്തായത്.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഹിജ്രി നാലാം വർഷം മുഹർറത്തിൽ ഉണ്ടായ ഈ സംഭവത്തിന്റെ വിവരണത്തിൽ എഴുതുന്നു: ഖുറൈശികളുടെ പ്രകോപനങ്ങളും ഉഹുദിൽ മുസ്ലിംകൾക്കുണ്ടായ താൽക്കാലിക പരാജയവും വളരെ ത്വരിതഗതിയിൽ അതിന്റെ ഭയാനകമായ ഫലം വെളിപ്പെടുത്തിക്കൊണ്ടിരുന്നു. അങ്ങനെ ഈ ദിവസങ്ങളിൽ ബനൂ അസദ് മദീനയിൽ റെയ്ഡ് നടത്താൻ കോപ്പുകൂട്ടുകയായിരുന്നു. ബനൂ ലഹ്യാൻ ഗോത്രത്തിലെ ആളുകൾ തങ്ങളുടെ നേതാവായ സഫ്യാൻ ബിൻ ഖാലിദിന്റെ പ്രേരണയാൽ മക്കക്ക് വളരെ സമീപമുള്ള തങ്ങളുടെ സ്വദേശമായ ഉർനയിൽ വലിയൊരു സൈന്യത്തെ ഒരുമിച്ചു കൂട്ടി മദീനയെ ആക്രമിക്കാൻ പദ്ധതിയിടുന്നുവെന്ന് നബി(സ)ന് അറിയിപ്പ് ലഭിച്ചു.

തിരുനബി(സ) വളരെ നയതന്ത്രജ്ഞനും വിവിധ അറേബ്യൻ ഗോത്രങ്ങളെപറ്റിയും അവരുടെ നേതാക്കന്മാരുടെ ശക്തിപ്രഭാവത്തെ പറ്റിയും നല്ലപോലെ അറിയുന്ന ആളായിരുന്നു. ഈ വാർത്ത വന്നതും ഈ എല്ലാ ദ്രോഹങ്ങളും കുഴപ്പങ്ങളും ബനൂലയ്ഹാൻ ഗോത്രത്തിന്റെ നേതാവായ സുഫ്യാൻ ബിൻ ഖാലിദിന്റേതാണെന്നും അയാളെ ഇടയിൽനിന്ന് ഇല്ലാതാക്കിയാൽ ബനൂലഹ്യാൻ മദീനയെ ആക്രമിക്കാൻ ധൈര്യപ്പെടുകയില്ലെന്നും സഫ്യാൻ അല്ലാതെ മറ്റാർക്കും തന്നെ ഇപ്പോൾ ഇത്തരം ഒരു പ്രസ്ഥാനത്തിന്റെ നേതൃത്വം വഹിക്കാനുള്ള കെൽപ്പില്ലെന്നും തിരുനബി(സ) മനസ്സിലാക്കിയിരുന്നു. ബനൂ ലയ്ഹാനെതിരിൽ ഒരു സൈന്യത്തെ അയക്കുകയാണെങ്കിൽ അത് സാധുക്കളായ മുസ്ലിംകൾക്ക് പ്രയാസത്തിനും കൂടാതെ നാട്ടിൽ രക്തരൂക്ഷിത പ്രശ്നങ്ങൾക്ക് ഇടയാകാനും കാരണമായേക്കുമെന്ന് മനസ്സിലാക്കി, ഒരാൾ അവിടെ പോയി അവസരം പാർത്ത് ഈ കുഴപ്പങ്ങളുടെ കേന്ദ്രബുദ്ധിയും തായ്വേരുമായ സുഫ്യാൻ ബിൻ ഖാലിദിനെ വധിച്ചു വരികയാണ് നല്ലതെന്ന് നബി(സ) തീരുമാനിക്കുകയും ഈ ഉദ്യമത്തിനുവേണ്ടി അബ്ദുല്ലാഹ് ബിൻ ഉനൈസ് അൻസാരിയെ അയക്കുകയും ചെയ്തു. അങ്ങനെ അബ്ദുല്ലാഹ് ബിൻ ഉനൈസ് വളരെ തന്ത്രപൂർവം ബനൂലയ്ഹാന്റെ കൂടാരത്തിലെത്തി. അയാളാകട്ടെ മദീനയെ ആക്രമിക്കാനുള്ള തയ്യാറെടുപ്പിൽ സക്രിയമായിരുന്നു. രാത്രി അവസരം കിട്ടിയപ്പോൾ അദ്ദേഹം സുഫ്യാനെ വകവരുത്തുകയുണ്ടായി. ബനൂലയ്ഹാൻ ഗോത്രത്തിന് ഇതേപ്പറ്റി അറിവു ലഭിച്ചപ്പോൾ അവർ അബ്ദുല്ലാഹ്നെ അന്വേഷിച്ചു പോയെങ്കിലും അദ്ദേഹം പാത്തുംപതുങ്ങിയും അവിടെ നിന്ന് രക്ഷപ്പെടുകയുണ്ടായി. നബി(സ)ന്റെ മുന്നിൽ അബ്ദുല്ലാഹ് ബിൻ ഉനൈസ് എത്തിയപ്പോൾ അദ്ദേഹത്തിന്റെ രൂപം കണ്ടതും വിജയപൂർവമാണ് തിരിച്ചെത്തിയതെന്ന് മനസ്സിലാക്കിക്കൊണ്ട് നബി(സ) പറഞ്ഞു: **അഫ്ലഹൽ വജ്ഹ്** ഈ മുഖം വിജയശ്രീലാളിതന്റേതാകുന്നു. ആ സമയത്ത് അബ്ദുല്ലാഹ് വളരെ സമുചിതമായി ഇങ്ങനെ പ്രതികരിച്ചു: **അഫ്ലഹ വജ്ഹുക യാ റസൂലല്ലാഹ്!** തിരുദൂതരേ, ഈ എല്ലാ വിജയവും അങ്ങയുടേതാകുന്നു. അപ്പോൾ നബി(സ) തന്റെ ഊന്നുവടി അബ്ദുല്ലാഹ്നു സമ്മാനിച്ചുകൊണ്ട് പറഞ്ഞു: ഈ ഊന്നുവടി സ്വർഗത്തിൽ നിനക്ക് ഊന്നുന്നതിന് ഉപകാരപ്പെടുന്നതാണ്. അബ്ദുല്ലാഹ് ഈ അനുഗ്രഹീത ഊന്നുവടി വളരെയേറെ സ്നേഹത്തോടെയും ആത്മാർഥതയോടെയും തന്റെ പക്കൽ വെക്കുകയും മരണവേളയിൽ തന്റെ കൂടെ ഖബറടക്കണമെന്ന് ഒസ്യത്ത് ചെയ്യുകയുമുണ്ടായി. അത് അങ്ങനെ തന്നെ ചെയ്തു.

തിരുനബി(സ), അബ്ദുല്ലാഹ് വിജയപൂർവം തിരിച്ചുവന്നതിൽ ഇത്ര മാത്രം സന്തോഷം പ്രകടിപ്പിച്ചതും അസാധാരണമായ നിലയിൽ ഈ സമ്മാനം നൽകിയതും നബി(സ) സുഫ്‌യാൻ ബിൻ ഖാലിദിന്റെ ഫിത്നയെ വളരെ ഭയാനകമായും അയാൾ കൊല്ലപ്പെടുന്നത് പൊതു സമാധാനത്തിന് ഒരു അനുഗ്രഹമായും ഗണിച്ചിരുന്നുവെന്നു വ്യക്തമാക്കുന്നു.

ഇസ്‌ലാം ശത്രുക്കൾ നബി(സ) നഊദുബില്ലാഹ് സമാധാന ഭംഗമുണ്ടാക്കിയെന്നും മനുഷ്യജീവനുകൾ അപായപ്പെടുത്തിയെന്നും ആക്ഷേപിക്കുന്നു. എന്നാൽ തിരുനബി(സ), മനുഷ്യജീവനുകളെ സംബന്ധിച്ച് എത്രമാത്രം വിലമതിച്ചിരുന്നുവെന്നാൽ ശത്രുഗോത്രത്തിലെ ആളുകളുടെ ജീവൻ രക്ഷിക്കുന്നതിനുവേണ്ടിയാണ് ഒരാളെ കൊന്നുകൊണ്ട് മറ്റുള്ളവരുടെയെല്ലാം ജീവൻ രക്ഷിക്കാമെന്ന ഈ ഉപായം കൈക്കൊണ്ടത്. ഇത് മനുഷ്യകുലത്തോടുള്ള സഹാനുഭൂതിയുടെ പാരമ്യമാകുന്നു. ഇന്നത്തെ നാമധാരികളായ മനുഷ്യന്മാർ, ഏതാനും ആളുകളെ കൊല്ലാനുള്ള കാരണം പറഞ്ഞുകൊണ്ട് നിർദോഷികളായ കുട്ടികളെയും സ്ത്രീകളെയും വൃദ്ധന്മാരെയും കൊന്നൊടുക്കുന്നു. എന്നിട്ട് ഇതൊക്കെ യുദ്ധത്തിൽ (സാധാരണ) ഉണ്ടാകുന്നതാണ് എന്ന് നിർലജ്ജം പറയുകയും ചെയ്യുന്നു. തിരുനബി(സ) യുദ്ധങ്ങളിൽപോലും കുട്ടികളെയും സ്ത്രീകളെയും നേരിട്ട് യുദ്ധത്തിൽ ഭാഗഭാക്കാകാത്ത മതവക്താക്കളെയും കൊല്ലരുതെന്ന് കർശനമായി നിഷ്കർഷിച്ചിരുന്നു. ചുരുക്കത്തിൽ ഇതാണ് മുഹമ്മദ്(സ)ന്റെ തിരുചര്യയും ഇസ്‌ലാമിക അദ്ധ്യാപനവും.

ഇനി റജീഅ് സരിയയെ പറ്റി വിവരിക്കുന്നതാണ്. ഇതിന്റെ വിവരണം നീണ്ടതായതുകൊണ്ട് കുറച്ചു ഭാഗങ്ങൾ മാത്രം ഇന്ന് കേൾപ്പിക്കാം. ഈ യുദ്ധം ഹിജ്റ നാലാം വർഷം സ്വഫർ മാസത്തിന്റെ ആരംഭത്തിൽ റജീഅ് എന്ന സ്ഥലത്താണ് നടന്നത്. നമ്മുടെ റിസർച്ച് സെൽ റജീഅ് സരിയയെ സംബന്ധിച്ച് നൽകിയിട്ടുള്ള ഒരു നോട്ട് ഏറെ ശ്രദ്ധേയമാണ്. ചില തിയ്യതികളിൽ വ്യത്യാസം കാണുന്നുണ്ട്. നബിചരിത്രകാരന്മാരിൽ അധികംപേരും റജീഅ് സരിയ ഹിജ്റ നാലാം വർഷം സഫർ മാസത്തിലാണ് നടന്നതെന്ന് രേഖപ്പെടുത്തുന്നു. ഇതിന്റെ വിശദാംശങ്ങൾ ഇപ്രകാരമാണ്: ഹദ്റത്ത് ഖുബൈബിനെയും ഹദ്റത്ത് സൈദിനെയും മക്കയിൽ വിൽക്കുകയുണ്ടായി. പക്ഷെ ആദരണീയ മാസങ്ങൾ തുടങ്ങുന്നതുകൊണ്ട് മക്കക്കാർ അവരെ തടവറയിൽ പാർപ്പിച്ചു. ആദരണീയ മാസങ്ങൾ കഴിഞ്ഞപ്പോൾ അവരെ രണ്ടുപേരെയും വധിക്കുകയും ചെയ്തു. ഹിജ്റ നാലാം വർഷം സഫർ മാസത്തിലാണ് ഈ സരിയ ഉണ്ടായതെന്ന് പറയുകയാണെങ്കിൽ പിന്നെ ആദരണീയ മാസത്തിലാണ് ഈ യുദ്ധമുണ്ടായതെന്ന വാദം ബുദ്ധിക്കു നിരക്കുന്നതല്ല. ഈ സരിയ ഹിജ്റ മൂന്നാം വർഷം ശവ്വാൽ മാസം അവസാനമാണ് ഉണ്ടായതെന്ന് എഴുതിയിട്ടുള്ളത് കൂടുതൽ ശരിയാണെന്ന് മനസ്സിലാകുന്നു. ഹിജ്റ നാലാം വർഷം സഫർ മാസത്തിലാണ് ഹദ്റത്ത് ഖുബൈബിനെയും ഹദ്റത്ത് സൈദിനെയും ശഹീദാക്കിയത്. അവരുടെ ശഹാദത്ത് വിവരം മദീനയിൽ എത്തിയപ്പോൾ നിവേദനങ്ങളിൽ ഈ തിയ്യതിക്ക് പതിയെപ്പതിയെ കൂടുതൽ പ്രബലത കിട്ടിയതായിരിക്കാം. ഏതായാലും അല്ലാഹുവിനേ നന്നായി അറിയുകയുള്ളൂ.

ഈ സരിയയുടെ പശ്ചാത്തലത്തെ സംബന്ധിച്ച് പറയുന്നു: ബനൂ ലയ്ഹാന്റെ നേതാവിന്റെ വധത്തെ തുടർന്ന് ഈ ഗോത്രം പ്രതികാരാഗ്നിയിൽ ആളിക്കത്തുകയും എങ്ങനെയാണ് മുസ്‌ലിംകളോട് ഇതിനു പകരം ചോദിക്കുക എന്ന ഗാഢചിന്തയിൽ മുഴുകിയിരിക്കുകയുമായിരുന്നു. അങ്ങനെ ഒരു പ്രഖ്യാപിത പദ്ധതിയുമായി ഗസൽ, ഖാറ ഗോത്രങ്ങളിലെ കുറച്ച് ആളുകൾ സംഘമായി മദീനയിലെത്തി നബി(സ)നോട് പറഞ്ഞു: ഞങ്ങളുടെ ഗോത്രത്തിൽ ഇസ്‌ലാമിനെ പറ്റി നല്ല മതിപ്പുണ്ട്. അതുകൊണ്ട് അവിടെ ഇസ്‌ലാമിനെ പ്രചരിപ്പിക്കാൻ നിങ്ങളുടെ കുറച്ചു ആളുകളെ അയച്ചു തന്നാലും. നബി(സ) പത്തു പേരെ അവരോടൊപ്പം പറഞ്ഞയക്കുകയുണ്ടായി. അതിൽ ഏഴ് സ്വഹാബാക്കളുടെ പേര് മാത്രമേ കാണുന്നുള്ളൂ. നബി(സ) അഹ്സൻ ബിൻ സാബിത്തിനെ ചില നിവേദനങ്ങൾ പ്രകാരം മർസദ് ബിൻ അബീ മർസദിനെ അമീറായി നിശ്ചയിക്കുകയുണ്ടായി. ഇതിനു ശേഷമുള്ള സംഭവങ്ങൾ ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ഇന്ന് ഞാൻ വീണ്ടും പ്രത്യേകമായും യമനിലെ തടവിൽ കഴിയുന്നവർക്കുവേണ്ടി ദുആക്ക് പറയാൻ ആഗ്രഹിക്കുന്നു. പ്രത്യേകിച്ചും അവരിലെ ഒരു മഹിള അവർ സദ്ർ ലജ്ന ഇമാഇല്ലാഹ് ആണ്. അവർക്ക് വേണ്ടി ദുആ ചെയ്യുക. അവരെ വളരെ പ്രയാസത്തിലാണ് ജയിലിൽ വെച്ചിട്ടുള്ളത്. അവർ (അധികൃതർ) പറയുന്നത് അംഗീകരിക്കാൻ തയ്യാറാകാത്ത മറ്റു ചിലരെയും തടവിലാക്കിയിട്ടുണ്ട്.

അവർക്കെല്ലാം വേണ്ടി പ്രത്യേകമായും ദുആ ചെയ്യുക. അല്ലാഹു എത്രയും വേഗം അവരുടെ മോചനത്തിന് വഴിയൊരുക്കുമാറാകട്ടെ.

പാക്കിസ്താനിലെ തടവറയിൽ കഴിയുന്നവരുടെ മോചനത്തിനുവേണ്ടിയും ദുആ ചെയ്യുക. ഫലസ്തീനിലെ ആളുകൾക്ക് വേണ്ടിയും ദുആ ചെയ്യുക. അവിടെ അവസ്ഥകൾ നന്നായി വരുമ്പോൾ തന്നെ മോശമാകുകയും ചെയ്യുന്നു. ഇസ്റാഈൽ സർക്കാർ അഹങ്കാരത്തോടെയാണ് പെരുമാറുന്നത്. അല്ലാഹു എത്രയും വേഗം ഇവരുടെ ദ്രോഹങ്ങളിൽനിന്ന് അവരെ രക്ഷിക്കുമാറാകട്ടെ. മുസ്‌ലിംകൾക്ക് തങ്ങളുടെ കടമ നിറവേറ്റാനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 10.05.2024
Malayalam Translation: **Moulavi H. Shamsuddin Kavassery**
Layout: Moulavi T.Jamshad Mukkam, For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516